"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.പി.നാരായണ പിള്ളക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1024/2022/LSGD തീയതി,തിരുവനന്തപുരം, 25-04-2022

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 08.02.2017 -ലെ ഡി4-8455/1=2016 നമ്പർ കത്ത്.
2. സർക്കാരിന്റെ 31.03.2017 ലെ 48/ഇപിബി3/17/തസ്വഭവ നമ്പർ കാരണംകാണിക്കൽ നോട്ടീസ്
3. ശ്രീ.പി.നാരായണപിള്ള സമർപ്പിച്ച എതിർവാദ പത്രിക
4. പഞ്ചായത്ത് ഡയറക്ടറുടെ 06.01.2022 -ലെ PAN/5842/2020 — D4 (DP) നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായി ശ്രീ.പി.നാരായണ പിള്ള ജോലി നോക്കി വന്നിരുന്ന കാലയളവിൽ ടി ഗ്രാമപഞ്ചായത്തിലെ പുള്ളിപ്പാടം വില്ലേജിൽ റീ സർവ്വേ നമ്പർ 178/2 ൽ പ്പെട്ട സ്ഥലത്ത് ശ്രീ.അബ്ദുൾ ലത്തീഫ്, ശ്രീ.സുൾഫീക്കർ അലി എന്നിവർ വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് 02/08/2014 ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും എന്നാൽ ആധാരത്തിലും, കൈവശവകാശ സർട്ടിഫിക്കേറ്റിലും നിലം എന്ന് രേഖപ്പെടുത്തിയതിനാൽ അനുമതി നല്കുവാൻ കഴിയില്ലെന്ന് 18/07/2014 ന് എ2-4918/14 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.പി.നാരായണ പിള്ള അറിയിക്കുകയും ചെയ്തു. എന്നാൽ പിന്നീട് ഇക്കാര്യത്തിൽ WP(C) നം.25053/14 വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തി ഭൂമിയുടെ തരം സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കാതെ, നിലം നികത്ത് ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നിർമ്മാണാനുമതി നല്കിയത് നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധവും, കോടതി നിർദ്ദേശം വേണ്ട വിധത്തിൽ പഠിക്കാതെയുമാണ് എന്നും കേരള പഞ്ചായത്ത് രാജ് നിയമം, മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം എന്നിവ ലംഘിച്ച് പെർമിറ്റ് നൽകിയതു വഴി അധികാര ദുർവ്വിനിയോഗവും ചട്ടലംഘനവും നടത്തിയിരിക്കുന്നു എന്ന് കണ്ടെത്തിയതിനെത്തുടർന്ന് കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(ബി) പ്രകാരം ശ്രീ.പി.നാരായണ പിള്ളയുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം അഞ്ചു വർഷത്തേയ്ക്ക് സ്ഥിരമായി കുറവു ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണംകാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.പി.നാരായണ പിള്ള പരാമർശം (3) പ്രകാരം എതിർവാദപത്രിക ലഭ്യമാക്കുകയും ടി എതിർവാദപത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ശ്രീ. നാരായണ പിള്ളയ്ക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.പി.നാരായണ പിള്ളക്കെതിരായ ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടി സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് കുറ്റാരോപിതന് ലഭ്യമാക്കി പ്രസ്തുത വിവരം സഹിതം അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
2. ശ്രീ.പി.നാരായണ പിള്ള, മുൻ സെക്രട്ടറി, മമ്പാട് ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, മമ്പാട്ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി 3/48/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം
**Signed by Sudheer S S**
**Date: 25-04-2022 16:57:27**

സെക്ഷൻ ഓഫീസർ